# പെരിനാട് ഗ്രാമന്യായാലയ കോടതി

## ഹാജർ : ശ്രീ. അനീഷ് ബാബു എം ബി, ന്യായാധികാരി

**2026-ാം ആണ്ട് ജൂൺ മാസം 09 -ാം തീയതി**

## ST No. 105/2023

| | | |
|---|---|---|
| വാദി | : | സർക്കാരിനെപ്രതിനിധീകരിച്ച് കുണ്ടറ പോലീസ് സബ്ബ് ഇൻസ്പെക്ടർ ക്രൈം നമ്പർ 613/2023. |
| പ്രതി | : | യെദു കൃഷ്ണൻ , വയസ്സ് 30 , S/o ദേവരാജൻ, ശ്രീ വിലാസം, വടക്കടത്ത് മാടം, പെരുപുഴ, ഇളമ്പള്ളൂർ, കൊല്ലം |
| കുറ്റം | : | ഇൻഡ്യൻ ശിക്ഷാ നിയമം വകുപ്പുകൾ 279, 337 & 338. |
| പ്രതിയുടെ വാദം | : | കുറ്റം സമ്മതിക്കുന്നു. |
| അന്തിമ ഉത്തരവ് | : | കുറ്റക്കാരൻ ആണ്. |
| ശിക്ഷാവിധി | : | പ്രതിയെ ഇൻഡ്യൻ ശിക്ഷാ നിയമം 279, 337 & 338 വകുപ്പുകൾ പ്രകാരം ₹1,000/- രൂപ പിഴയ്ക്കും പിഴ ഒടുക്കുന്നില്ലായെങ്കിൽ 10 ദിവസത്തേയ്ക്ക് വെറും തടവിനും വിധിച്ചിരിക്കുന്നു. |

ഈ കേസ് 09.06.2026 ന് ടി കോടതിയിൽ വിചാരണയ്ക്ക് വരികയും, അത് പ്രകാരം ഇന്നേ ദിവസം കോടതി ചുവടെ ചേർക്കുന്ന വിധി പുറപ്പെടുവിക്കുകയും ചെയ്തു.

### വിധിന്യായം

ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 279,337,338 വകുപ്പുകൾ പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റത്തിനാണ് പ്രതിക്കെതിരെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. പ്രതി ഹാജരായതിൽ, ടി കുറ്റത്തിൻവിവരങ്ങൾ വായിച്ച് കേൾപ്പിക്കുകയും വിശദീകരിക്കുകയും ചെയ്തതിൽ, ടി കുറ്റത്തിൻവിവരണം മനസ്സിലാക്കി പ്രതി കുറ്റം സമ്മതിച്ചിട്ടുള്ളതും ആകുന്നു. ടിയാൻ സ്വമേധയാൽ കുറ്റസമ്മതം നടത്തി എന്ന് ബോദ്ധ്യപ്പെട്ടതിനാൽ കുറ്റസമ്മതം അംഗീകരിച്ചു.

കുറ്റാരോപിതൻ സ്വമേധയാൽ കുറ്റസമ്മതം നടത്തിയതിനാൽ കോടതി പ്രോസിക്യൂഷൻ രേഖകൾ പരിശോധിച്ചു. കുറ്റസമ്മത മൊഴിയും പ്രോസിക്യൂഷൻ രേഖകളും പരിശോധിച്ചതിൽ മേൽ കുറ്റത്തിന് കുറ്റാരോപിതൻ കുറ്റക്കാനാണെന്ന് കോടതിക്ക് ബോദ്ധ്യപ്പെട്ടതിൻ പ്രകാരം ടിയാനെ ഇതിനാൽ ശിക്ഷിക്കുന്നു.

അതിൻ പ്രകാരം പ്രതിയെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 279 വകുപ്പ് പ്രകാരം ₹200/- രൂപയും 337 വകുപ്പ് പ്രകാരം ₹300/- രൂപയും കൂടാതെ 338 വകുപ്പ് പ്രകാരം ₹500/- രൂപയും ആകെ മെത്തം ₹1,000/- രൂപ പിഴയും, പിഴ ഒടുക്കുന്നില്ലായെങ്കിൽ 10 ദിവസത്തേയ്ക്ക് വെറും തടവിനും വിധിച്ചിരിക്കുന്നു.

2026 -ാം മാണ്ട് ജൂൺ മാസം 9 -ാം തീയതി തുറന്ന കോടതിയിൽ ഞാൻ ഈ വിധി പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
**അനീഷ് ബാബു എം ബി**
**ന്യായാധികാരി, പെരിനാട്**

//ശരി പകർപ്പ്//

ഒപ്പ്/-
**അനീഷ് ബാബു എം ബി**
**ന്യായാധികാരി, പെരിനാട്**